**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ അവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വകുപ്പ് മുഖേന അനുവദിക്കുന്ന ഭക്ഷ്യസഹായ പദ്ധതിയിൽ, എസ്.ടി പ്രൊമോട്ടർമാർ അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ നല്കി വരുന്നു. ഭക്ഷ്യ സാധനം വിതരണം ചെയ്ത അക്വിറ്റൻസ്, പ്രൊമോട്ടർമാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന സമർപ്പിച്ചു വരുന്നു. |
| (ബി) | പട്ടികവർഗ്ഗക്കാരുടെ അജ്ഞതയും ദാരിദ്ര്യവും മുതലെടുത്ത് ഭക്ഷ്യധാന്യ വിതരണത്തിൽ കബളിപ്പിക്കപ്പെടുന്നത് അവസാനിപ്പിക്കുന്നതിന് വേണ്ടി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നത് ഉത്തരവാദിത്തപ്പെട്ട പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സാന്നിധ്യത്തിലാണ്. ആയതിനാൽ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിൽ കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. ഭക്ഷ്യ സാധനം വിതരണം ചെയ്ത അകിറ്റൻസ്, പ്രൊമോട്ടർമാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന ബന്ധപ്പെട്ട പ്രോജക്ട്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് സമർപ്പിച്ച് പ്രസ്തുത പ്രവർത്തി മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ